പത്തനംതിട്ടയിലെ കാർഡ് കൃഷി വിജ്ഞാന കേന്ദ്രം പ്രവർത്തന സജ്ജമാക്കിയിട്ടുള്ള ചക്കയുടെ പ്രാഥമിക സംസ്കരണ ഉല്പന്ന നിർമ്മാണ കേന്ദ്രത്തിന്റെ പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ കോന്നിയോട് ഫാർമേഴ്സ് ക്ലബ്ബും തൃശ്ശൂർ വൈറ്റിലപ്പാറ എക്സ് സർവ്വീസ് മെൻസ് കോ-ഓപ്പറേറ്റീവ് കോളനിയും സംസ്കരണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) ചക്ക സംഭരിച്ച് സംസ്കരിക്കുന്നതിന് കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ പരിശീലനവും വിപണനം ചെയ്യുന്നതിന് എസ്.എഫ്.എ.സി. വഴി ധനസഹായവും ചക്ക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പത്തനംതിട്ടയിലെ കാർഡ് കൃഷി വിജ്ഞാനകേന്ദ്രം വഴി പരിശീലനവും നല്കിവരുന്നു.

ആർ.കെ.വി.വൈ. പദ്ധതി-കുളങ്ങളുടെ നവീകരണം

156 (1627) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ.കെ.വി.വൈ. പദ്ധതിയുടെ സഹസ്രസരോവർ പരിധിയിൽപ്പെടുത്തി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ഏതെല്ലാം കുളങ്ങൾ നവീകരിക്കുന്നതിന് നാളിതുവരെ ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഒറ്റപ്പാലം നിയമസഭ മണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിന് ആർ.കെ.വി.വൈ. പദ്ധതിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല.

റബ്ബർ വിലയിടിവ് - സർക്കാർ സ്വീകരിച്ച നടപടികൾ

157 (T*1628) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലക്കുറവുമൂലം നട്ടംതിരിയുന്ന റബ്ബർ കർഷകരെ രക്ഷിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ചെറുകിട കർഷകർക്ക് ഷീറ്റിന് 150 രൂപ വീതം ലഭിക്കത്തക്ക വിധത്തിൽ ബാങ്കുമുഖേന സബ്സിഡി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; നാളിതുവരെ എത്ര രൂപ ഇത്തരത്തിൽ സബ്സിഡിയായി സർക്കാർ വിതരണം ചെയ്തിട്ടുണ്ട്;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly